MR. MOHAMMMED MUSTAFA : പത്തനാപുരം താലൂക്കിൽ മറ്റെങ്ങും തന്നെ മുൻസിഫുകോടതിയില്ലെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. J. JOHN : അറിയാം.

MR. MOHAMMED MUSTAFA : അവിടത്തെ ജനങ്ങളുടെ പരാതി അനുസരിച്ചു അവിടെ ഒരു മുൻസിഫുകോടതി ഉറക്കുവാൻ ഗവണ്മെൻറിനു മയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : ജനങ്ങൾ പരാതിപ്പെട്ടാലും ഇങ്ങനെയുള്ള കാര്യങ്ങളിൽ സാധാരണ ഹൈക്കോടതിയുടെ ശുപാർശ അനുസരിച്ചാണു ഗവണ്മെൻറു പ്രവർത്തിക്കുന്നതു്.

കൊല്ലത്തു ജലസേചനപദ്ധതി

*40. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

കൊല്ലം പട്ടണത്തിൽ നടപ്പിൽ വരുത്തുവാൻ ഏതെങ്കിലും ജലസേചനപദ്ധതി ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു നടപ്പിൽ വരുത്തുവാൻ താമസം നേരിടുന്നതു എന്തുകൊണ്ടാണെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. K. R. ELANKATH : ജലസേചനത്തിനു ഒരു പദ്ധതിയില്ല. പക്ഷേ, ജലവിതരണത്തിനുള്ള ഒരു പദ്ധതി ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുന്നുണ്ടു്.

റോഡു കൺസ്ട്രീറ്റു ചെയ്യൽ.

*41. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

കൊല്ലം—ചെങ്കോട്ടറോഡു, കൊല്ലം—തിരുവനന്തപുരം റോഡും കൺസ്ട്രീറ്റു ചെയ്യുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ജോലി എപ്പോൾ ആരംഭിക്കുമെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. K. R. ELANKATH : സിമൻറു കിട്ടാത്തതുകൊണ്ടാണു് കൺസ്ട്രീറ്റു ചെയ്യുവാനുള്ള ജോലി തുടങ്ങാതിരിക്കുന്നതു്. സിമൻറു കിട്ടിയാലുടൻ ഈ പറഞ്ഞ റോഡുകളും കൺസ്ട്രീറ്റു ചെയ്യുവാൻ തുടങ്ങുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ഏതു റോഡാണു ഉടൻ ജോലി തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്നതു്?

HON'BLE MR. K. R. ELANKATH : കൊല്ലം—ചെങ്കോട്ട റോഡിനെപ്പറ്റി മി. കെ. എ. മഹമ്മദ് ഇതിനു മുൻപു ഇതേ ചോദ്യംതന്നെ ചോദിച്ചിരുന്നു. അപ്പോൾ സിമൻറു ഇല്ലാത്തതുകൊണ്ടു ആ റോഡ് പൊതുവെ സിമൻറു ചെയ്യുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞിരുന്നു. അടുത്ത ജാനുവരി മാസത്തോടുകൂടി ഗവണ്മെൻറിനു സിമൻറു കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ ഈ റോഡുകളിൽ ഏതു റോഡിനാണോ പ്രാധാന്യമുള്ളതു് ആ റോഡു സിമൻറു ചെയ്യുന്നതാണു്.

MR. K. RAMACHANDRAN : കൊല്ലം—ചെങ്കോട്ട റോഡും, കോട്ടയം തിരുവനന്തപുരം റോഡും തമ്മിൽ സന്ധിക്കുന്ന പുലമൺ ജംഗ്ഷൻ എങ്കിലും ടാർ ഇടുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. R. ELANKATH : അതേപ്പറ്റി ആലോചിക്കാം.

MR. G. CHANDRASEKHARA PILLAI : ഈ രണ്ടു റോഡുകളും കാൺക്രീറു ചെയ്യുന്നതിനു എത്ര ചെലവുവരും?

HON'BLE MR. K. R. ELANKATH : അതിനെപ്പറ്റി എസ്റ്റിമേറു ചെയ്തിട്ടില്ല.

MR. K. A. MATHEW : കോട്ടയത്തു് ഒരു സിമൻറു ഫാക്ടറി തുടങ്ങിയിട്ടുണ്ടല്ലൊ. അവിടെ ഉണ്ടാക്കപ്പെടുന്ന സിമൻറു് ആദ്യമായി ഇവിടത്തെ റോഡു സിമൻറു ചെയ്യുവാൻവേണ്ടി ഗവണ്മെൻറിനെ ഏല്പിക്കണമെന്നു വ്യവസ്ഥ ചെയ്യുമോ?

HON'BLE MR. K. R. ELANKATH : ഇപ്പോൾതന്നെ ആ ഫാക്ടറിയുമായി വ്യവസ്ഥചെയ്തുകൊണ്ടിരിക്കുകയാണു്. ഇതിനെപ്പറ്റി ഇനിയും വ്യവസ്ഥ ചെയ്യുന്നതുമാണു്.

സർവകലാശാല അറബിക് ചെയർ.

*42. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർവകലാശാലയിലെ അറബിക് ചെയർ വകുപ്പിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥന്മാരുണ്ടു്?

(ബി) അവരുടെ ഔദ്യോഗിക ചുമതലകൾ എന്തെല്ലാമാണു്?

LIBRARY ARCHIVES Kerala Legislative Assembly